# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 177 04.06.2018-ൽ മറുപടിക്ക്**

## കസ്റ്റഡി മരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി. പി. സജീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ധർമ്മടം നിയോജക മണ്ഡലത്തിലെ ഇടയ്ക്കാട് പോലീസ് 2018 ഫെബ്രുവരി 22-ന് ഇടയ്ക്കാട് ബസ്സാറിൽ അരച്ചങ്കിൽ ഉനൈസ് എന്ന യുവാവിനെ കസ്റ്റഡിയിലെടുത്തിരുന്നുവോ; | (എ) യും (ബി) യും | കസ്റ്റഡിയിലെടുത്തിട്ടില്ല. |
| (ബി) എങ്കിൽ ആരുടെ പരാതിയിലാണ് പ്രസ്തുത യുവാവിനെ കസ്റ്റഡിയിലെടുത്തത്; | | |
| (സി) പോലീസ് കസ്റ്റഡിയിൽ ഉനൈസിനെ ക്രൂരമായി മർദ്ദിച്ചതായും അതിന്റെ ഫലമായി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഉനൈസ് മരണമടഞ്ഞതായും പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | ലഭിച്ചിട്ടുണ്ട് |

| | |
|---|---|
| (ഡി) കസ്റ്റഡിയിൽ ക്രൂരമർദ്ദനമേറ്റെന്നും ഇനി അദ്ധ്വാനിച്ച് ജീവിക്കുവാൻ കഴിയുകയില്ലായെന്നും മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ട് ഉനൈസ് ജില്ലാ പോലീസ് മേധാവിക്ക് കത്ത് എഴുതിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ; വിശദാംശം നൽകുമോ; | (ഡി) ഇത്തരത്തിലുള്ള കത്ത് ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചിട്ടില്ല. |
| (ഇ) ആശുപത്രി രേഖകളിൽ ഉനൈസിന് പോലീസ് മർദ്ദനമേറ്റതായി രേഖപ്പെടുത്തിയിട്ടുണ്ടോ; | (ഇ) രേഖപ്പെടുത്തിയിട്ടില്ല. |
| (എഫ്) പോലീസ് മർദ്ദനം മൂലം മരണമടഞ്ഞ ഉനൈസിന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും മർദ്ദിച്ച പോലീസുകാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (എഫ്) നിലവിൽ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ